**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3142** **01-03-2023 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ ചൂണ്ടൽ- മഴവഞ്ചേരി റോഡ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ തൃശ്ശൂർ കുറ്റിപ്പുറം പാതയിലെ ചൂണ്ടൽ മുതൽ മഴവഞ്ചേരി വരെയുള്ള റോഡ് വികസനത്തിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (എ) | കിഫ്ബി പദ്ധതിയായ തൃശ്ശൂർ കുറ്റിപ്പുറം നാലുവരി പാത പദ്ധതിയ്ക്ക് (മെഴവഞ്ചേരി - ചൂണ്ടൽ) 10.07.2017 തീയതിയിൽ 50 കോടി രൂപയുടെ തത്വത്തിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള തൃശ്ശൂർ കുറ്റിപ്പുറം റോഡിന്റെ വിശദപദ്ധതിരേഖ 11/02/2019-ൽ കിഫ്ബിയിൽ സാമ്പത്തികാനുമതിക്കായി സമർപ്പിച്ചു. പി.ഡബ്ല്യു.ഡി. റോഡ്സ് വിഭാഗം സമർപ്പിച്ച പ്രസ്തുത ഡിപിആർ പ്രകാരം റോഡിന്റെ വികസനം 22 മീറ്റർ വീതിയിലാണ് വിഭാവനം ചെയ്തിരുന്നത്. പ്രസ്തുത റോഡിന്റെ കല്ലിടൽ പ്രവർത്തികൾ പൂർത്തീകരിച്ചത് 22 മീറ്റർ ROW പരിഗണിച്ചായിരുന്നു. എന്നാൽ കിഫ്ബി മാനദണ്ഡ പ്രകാരം 23 മീറ്റർ വീതി നൽകണം എന്ന് TAR ൽ നിർദ്ദേശം വന്നു. കൂടാതെ culvert, retaining wall എന്നിവയുടെ ഡിസൈൻ ചെയ്യുന്നതിന് borehole എടുത്തു soil investigation നടത്തി റിപ്പോർട്ട് നൽകാനും നിർദ്ദേശിച്ചു. ഇതുപ്രകാരം പിഡബ്ല്യുഡി റോഡ്സ് വിഭാഗം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ടെൻഡർ ചെയ്തു. ഈ സമയത്ത് പ്രസ്തുത പ്രവൃത്തി കെ.ആർ.എഫ്.ബി.ക്കു കൈമാറി. കെ.ആർ.എഫ്.ബി. പ്രസ്തുത പ്രവൃത്തി ഏറ്റെടുത്തതിനു ശേഷം റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി KSTP യുടെ പ്രവൃത്തി പ്രസ്തുത റോഡിൽ അനുവദിച്ചു. ഇതിനെ തുടർന്ന് അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി നിർത്തിവയ്ക്കാനുള്ള നിർദ്ദേശം ലഭിക്കുകയുണ്ടായി. എന്നാൽ പിന്നീട് നടന്ന എം.എൽ.എ. യുടേയും, ഉന്നത ഉദ്യോഗസ്ഥരുടെയും മീറ്റിങ്ങുകളിൽ പ്രസ്തുത പ്രവൃത്തി പുനരാരാംഭിക്കുവാൻ നിർദ്ദേശം ലഭിക്കുകയും അഡീഷണൽ ഇൻവെസ്റ്റിഗേഷൻ ആരംഭിക്കുകയും ചെയ്തു. പ്രസ്തുത ഇൻവെസ്റ്റിഗേഷൻ കേച്ചേരി ജംഗ്ഷന്റെ വികസനം, കേച്ചേരി പാലത്തിന്റെ |

| | | | |
|---|---|---|---|
| | | | അപ്രോച്ച് റോഡ് എന്നിവ കൂടി ഉൾപ്പെടുത്തിയാണ് നിർവ്വഹിച്ചിരിക്കുന്നത്. 20.04.2022 ൽ ബഹു.എം.എൽ.എ., കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ നടത്തിയ റിവ്യൂ മീറ്റിംഗിൽ RoW 22.0 മീറ്റർ ആയി തീരുമാനിച്ചു.<br><br>അഡീഷണൽ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരൻ മണ്ണ് പരിശോധയും ഇൻവെസ്റ്റിഗേഷനും പൂർത്തീകരിച്ചിട്ടുണ്ട്. ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഡിപിആർ പുതുക്കി തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ